"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് - കോഴിക്കോട് ജില്ലാ ഭാഗ്യക്കുറി ഓഫീസറായിരുന്ന ശ്രീ.പി.സജുകുമാറിനെതിരെയുള്ള അച്ചടക്ക നടപടി -തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.258/2024/TAXES  തീയതി,തിരുവനന്തപുരം, 15-03-2024

---

പരാമർശം:-

1. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ 28.12.2022-ലെ SLTY/5385/2022-E7 നമ്പർ കത്ത്.
2. 02.03.2023 ലെ സ.ഉ(സാധാ)നം.157/2023/നികുതി നമ്പർ സർക്കാർ ഉത്തരവ്
3. 03.04.2023 ലെ TAXES-H1/2/2023-TAXES നമ്പർ കുറ്റപത്രം
4. ശ്രീ.പി.സജുകുമാറിന്റെ 25.04.2023 ലെ പ്രതിവാദ പത്രിക
5. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ 18.05.2023-ലെ SLTY/5385/2022-E7 നമ്പർ കത്ത്.
6. 20.06.2023 ലെ സ.ഉ(സാധാ)നം.416/2023/നികുതി നമ്പർ ഉത്തരവ്
7. സംസ്ഥാന ഭാഗ്യക്കുറി വകുപ്പിലെ ജോയിന്റ് ഡയറക്ടർ (ഓപ്പറേഷൻസ്)ന്റെ 31.07.2023 ലെ അന്വേഷണ റിപ്പോർട്ട്
8. 26.08.2023 ലെ TAXES-H1/2/2023-TAXES നമ്പർ ഹിയറിംഗ് നോട്ടീസ്
9. 29.01.2024 ലെ TAXES-H1/2/2023-TAXES നമ്പർ കാരണം കാണിക്കൽ നോട്ടീസ്
10. കാരണം കാണിക്കൽ നോട്ടീസിന് ശ്രീ.പി.സജുകുമാർ നല്കിയ 09.02.2024 ലെ മറുപടി

**ഉത്തരവ്**

സംസ്ഥാന ഭാഗ്യക്കുറി വകുപ്പിൽ ജില്ലാ ഭാഗ്യക്കുറി ഓഫീസറായ ശ്രീ ശ്രീ.പി.സജുകുമാർ കോഴിക്കോട് ജില്ലാ ഭാഗ്യക്കുറി ഓഫീസിൽ സേവനമനുഷ്ഠിച്ചിരുന്ന സമയത്ത് ഒരു പ്രത്യേക ഏജന്റിന് ക്രമവിരുദ്ധമായി ടിക്കറ്റ് അനുവദിച്ചു എന്നാരോപിച്ച് ഓൾ കേരള ലോട്ടറി ഏജന്റ്സ് & സെല്ലേഴ്സ് കോൺഗ്രസ് (INTUC) ജില്ലാ പ്രസിഡന്റ് ശ്രീ.എം.സി.തോമസ് സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ  കോഴിക്കോട് ജില്ലാ ഭാഗ്യക്കുറി ഓഫീസിൽ അന്വേഷണം നടത്തുകയും പരാമർശം (1) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തിരുന്നു.

2. പുതുതായി അംഗത്വമെടുത്ത ശ്രീ.ശശികുമാർ (D7568) എന്ന ഏജന്റിന് താമരശ്ശേരി സബ് ഓഫീസിൽ നിന്നും AK-570 നറുക്കെടുപ്പിലെ 50 ടിക്കറ്റുകൾ

അനുവദിച്ച ദിവസം തന്നെ കോഴിക്കോട് ജില്ലാ ഭാഗ്യക്കുറി ഓഫീസിൽ നിന്നും അതേ നറുക്കെടുപ്പിലെ 1600 ടിക്കറ്റുകൾ അനുവദിച്ചുവെന്നും തുടർന്നും പല ദിവസങ്ങളിലായി ടിയാന് ടിക്കറ്റ് വർധിപ്പിച്ചു നൽകി 2400 ടിക്കറ്റുകൾ വരെ അനുവദിച്ചശേഷം 2025 ടിക്കറ്റായി സ്ഥിരപ്പെടുത്തി നൽകിയെന്നും അന്വേഷണത്തിൽ കണ്ടെത്തുകയുണ്ടായി. സ്ഥിരമായി സ്ലാബിൽ ടിക്കറ്റെടുത്തിരുന്ന മറ്റ് ഏജന്റുമാരിൽ നിന്നും കുറവ് വരുത്തിയാണ് ഈ ഒരു ഏജന്റിനു മാത്രമായി ടിക്കറ്റുകൾ നൽകിയിട്ടുള്ളതായി കണ്ടെത്തിയിരുന്നു. കൂടാതെ ശ്രീ.ശശികുമാറിന്റെ ഇൻവോയിസുകൾ ജില്ലാ ഭാഗ്യക്കുറി ഓഫീസറായിരുന്ന ശ്രീ.പി.സജുകുമാർ തന്നെ ക്വാട്ട സെറ്റ് ചെയ്ത് നേരിട്ട് സിസ്റ്റത്തിൽ എൻട്രി വരുത്തി ടിക്കറ്റുകൾ അനുവദിച്ചതായും കണ്ടെത്തി. ശ്രീ.പി. സജുകുമാറിന്റെ ഈ പ്രവൃത്തികൾ, ടിക്കറ്റ് വിതരണത്തിനുള്ള നിർദ്ദേശങ്ങൾ നല്കി സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ പുറപ്പെടുവിച്ച 11.2.2020 ലെ SLTY/360/2020-S1 നമ്പർ സർക്കുലറിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണെന്നും സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

3. തുടർന്ന്, ശ്രീ.പി.സജുകുമാറിനെ പരാമർശം (2) പ്രകാരം സേവനത്തിൽ നിന്നും അന്വേഷണവിധേയമായി സസ്പെന്റ് ചെയ്യുകയും ടിയാനെതിരെ പരാമർശം (3) പ്രകാരം കഠിന ശിക്ഷയ്ക്കുള്ള കുറ്റപത്രം നല്കി അച്ചടക്ക നടപടികൾ ആരംഭിക്കുകയും ചെയ്തിരുന്നു. പ്രസ്തുത കുറ്റപത്രത്തിന് ശ്രീ.പി.സജുകുമാർ പരാമർശം (4) പ്രകാരം പ്രതിവാദ പത്രിക സമർപ്പിച്ചു.

4. എല്ലാ വർഷവും ഓണം ബമ്പർ ഭാഗ്യക്കുറിയുടെ നറുക്കെടുപ്പ് കഴിയുന്നതോടെ ഭാഗ്യക്കുറി ടിക്കറ്റുകളുടെ വില്പന വർദ്ധിക്കാറുണ്ടെന്നും ആ സമയത്ത് പുതുതായി ഏജൻസി എടുക്കുന്നവരുടെ എണ്ണം വർദ്ധിക്കാറുണ്ടെന്നും ഇവർക്ക് ടിക്കറ്റ് നല്കിയില്ലെങ്കിൽ ഓഫീസിൽ സംഘർഷ സാധ്യത ഉണ്ടാകാനുള്ള സാഹചര്യമുള്ളതിനാൽ നിലവിലുള്ള ഏജന്റുമാരുടെ ടിക്കറ്റിൽ താല്ക്കാലിക കുറവു വരുത്തി പുതുതായി ഏജൻസി എടുത്ത ഏജന്റുമാർക്ക് ടിക്കറ്റ് നല്കാറുണ്ടെന്നും ഇത് ജില്ലാ ഭാഗ്യക്കുറി ഓഫീസറുടെ അധികാര പരിധിയിൽ വരുന്ന കാര്യമാണെന്നും ടിയാൻ പ്രതിവാദ പത്രികയിൽ അവകാശപ്പെട്ടു. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ 11.2.2020 ലെ SLTY/360/2020-S1 നമ്പർ സർക്കുലറിലെ വ്യവസ്ഥകൾ പാലിച്ചാണ് ശ്രീ. ശശികുമാറിന് ടിക്കറ്റ് അനുവദിച്ചതെന്നും ഓഫീസിലെ തിരക്ക് കൂടുന്ന സമയങ്ങളിൽ ഏജന്റുമാർക്ക് യഥാസമയം സേവനങ്ങൾ ലഭ്യമാക്കുന്നതിൽ തടസ്സം വരാതിരിക്കുന്നതിനായി സൂപ്പർവൈസറി വിഭാഗം ഉദ്യോഗസ്ഥർ ഇൻവോയ്സ് തയ്യാറാക്കാറുണ്ടെന്നും അത്തരത്തിലാണ് താൻ ശ്രീ.ശശികുമാറിന്റെ ഇൻവോയ്സ് തയ്യാറാക്കിയതെന്നും ടിയാൻ എതിർവാദ പത്രികയിൽ ബോധിപ്പിച്ചിരുന്നു. ഓഫീസ് മേധാവി എന്ന നിലയിൽ തന്റെ ഭാഗത്തുനിന്ന് ക്രമവിരുദ്ധമായ നടപടികളൊന്നും ഉണ്ടായിട്ടില്ലെന്നും സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാക്കുന്ന തരത്തിൽ താൻ പ്രവർത്തിച്ചിട്ടില്ലെന്നും ശ്രീ.പി. സജുകുമാർ തന്റെ എതിർവാദ പത്രികയിൽ ബോധിപ്പിച്ചിരുന്നു.

5. ശ്രീ.പി. സജുകുമാറിന്റെ എതിർവാദപത്രികയിന്മേൽ പരാമർശം (5) പ്രകാരം

ലഭ്യമാക്കിയ അഭിപ്രായക്കുറിപ്പിൽ, നിലവിലെ ഏജന്റുമാരിൽനിന്ന് ടിക്കറ്റ് കുറവു വരുത്തി പുതുതായി ഏജൻസി എടുത്ത ഏജന്റുമാർക്ക് നല്കിയെന്ന വാദം അംഗീകരിക്കാൻ കഴിയില്ലെന്നും വൻകിട ഏജന്റുമാരിൽനിന്ന് ടിക്കറ്റ് കുറവു വരുത്തി ചെറുകിട ഏജന്റുമാർക്ക് നല്കിയെന്ന ടിയാന്റെ അവകാശ വാദം തെളിയിക്കാൻ **LOTIS** സോഫ്റ്റ്‌വെയറിൽ രേഖകളൊന്നുമില്ലെന്നും **11.2.2020** ലെ **SLTY/360/2020-S1** നമ്പർ സർക്കുലറിലെ വ്യവസ്ഥകൾ പ്രകാരമാണ് ശ്രീ. ശശികുമാറിന് ടിക്കറ്റുകൾ വർദ്ധിപ്പിച്ച് നല്കിയതെന്ന വാദം ശരിയല്ലെന്നും ഓഫീസ് തിരക്കുകൾ മൂലമാണ് ഇൻവോയ്സ് തയ്യാറാക്കിയതെന്ന് ടിയാൻ അവകാശപ്പെടുന്നുണ്ടെങ്കിലും ഈ കാലയളവിൽ ശ്രീ. ശശികുമാറിന്റെ ഇൻവോയ്സ് മാത്രമാണ് ശ്രീ. പി.സജുകുമാർ തയ്യാറാക്കിയിട്ടുള്ളതെന്നും സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ വ്യക്തമാക്കി.

**6.** തുടർന്ന്, സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറേറ്റിലെ ജോയിന്റ് ഡയറക്ടർ ശ്രീ.പി.മനോജിനെ പരാമർശം **(6)** പ്രകാരം ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥനായി നിയമിക്കുകയും ടിയാൻ പരാമർശം **(7)** പ്രകാരം അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കുകയുമുണ്ടായി. അന്വേഷണ ഉദ്യോഗസ്ഥൻ ചുവടെപ്പറയുന്ന കണ്ടെത്തലുകൾ നടത്തിയിരുന്നു.

- **i.** കോഴിക്കോട് ജില്ലാ ഭാഗ്യക്കുറി ഓഫീസിൽ നിന്നും **22/09/2022** ൽ ഏജൻസി എടുത്ത ശ്രീ.ശശികുമാർ താമരശ്ശേരി സബ് ഭാഗ്യക്കുറി ഓഫീസിൽ നിന്നും പരമാവധി **300** ടിക്കറ്റുകൾ വരെയാണ് എടുത്തിരുന്നത്. എന്നാൽ കോഴിക്കോട് ജില്ലാ ഭാഗ്യക്കുറി ഓഫീസിൽ നിന്നും മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ അനുമതി ഇല്ലാതെ ടിക്കറ്റുകൾ അധികമായി അനുവദിച്ചു നൽകുകയും, ഏജന്റിന്റെ അപേക്ഷയില്ലാതെ തന്നെ ടിക്കറ്റുകൾ അനുവദിക്കുകയും ചെയ്തു.
- **ii.** ശ്രീ.ശശികുമാറിന്റെ ടിക്കറ്റ് അലോട്ട്മെന്റ് "ലോട്ടിസി"ൽ വർദ്ധിപ്പിക്കുകയും, ടിയാന്റെ ടിക്കറ്റ് ഇൻവോയ്സ് ചേർത്ത് നൽകുകയും ചെയ്തിട്ടുള്ളത് ജില്ലാ ഭാഗ്യക്കുറി ഓഫീസർ ശ്രീ.പി.സജുകുമാർ നേരിട്ടാണ് എന്ന് രേഖകളിൽ ബോധ്യപ്പെട്ടിട്ടുണ്ട്.
- **iii.** ഓഫീസിൽ സെക്ഷൻ ക്ലർക്ക്, ജൂനിയർ സൂപ്രണ്ട്, അസിസ്റ്റന്റ് ജില്ലാ ഭാഗ്യക്കുറി ഓഫീസർ എന്നിവർ ഹാജരായിരിക്കുമ്പോൾ തന്നെയാണ് ജില്ലാ ലോട്ടറി ഓഫീസർ ഏജന്റിന് അധികമായി ടിക്കറ്റുകൾ അനുവദിച്ച് നൽകിയിട്ടുള്ളത്.
- **iv.** **1800** ടിക്കറ്റ് നൽകുന്നത് വരെ ശ്രീ.ശശികുമാർ എന്ന ഏജന്റ് അപേക്ഷകൾ ഒന്നും തന്നെ സമർപ്പിച്ചിരുന്നില്ല.
- **v.** ഓഫീസിൽ താൽക്കാലിക വിതരണ രജിസ്റ്റർ സൂക്ഷിക്കുകയോ യഥാസമയം രേഖപ്പെടുത്തലുകൾ വരുത്തുകയോ ചെയ്തിട്ടില്ല.
- **vi.** സർക്കാർ ഖജനാവിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ല.

**7.** തുടർന്ന്, പരാമർശം **(8)** ന്റെ അടിസ്ഥാനത്തിൽ നികുതി വകുപ്പിലെ അണ്ടർ സെക്രട്ടറി **04/09/2023** ന് ശ്രീ.പി.സജുകുമാറിനെ നേരിൽ കേട്ടു. ഔപചാരിക

അന്വേഷണ ഉദ്യോഗസ്ഥനായ ശ്രീ.മനോജ്.പി, ജോയിന്റ് ഡയറക്ടർ, പ്രാഥമിക അന്വേഷണ ഉദ്യോഗസ്ഥനായ ശ്രീ.എം.രാജ്കപൂർ, ഡെപ്യൂട്ടി ഡയറക്ടർ എന്നിവരും ഹിയറിംഗിന് ഹാജരായിരുന്നു.

**8.** ഹിയറിംഗ് വേളയിൽ ശ്രീ.പി.സജുകുമാർ ചുവടെപ്പറയുന്ന വിവരങ്ങൾ ബോധിപ്പിച്ചു.

i. ഓണം ബമ്പർ നറുക്കെടുപ്പിനെത്തുടർന്ന് ടിക്കറ്റ് വിൽപ്പന വർദ്ധിക്കുകയും പുതിയ ഏജൻസികൾ ആരംഭിക്കുകയും ചെയ്യുന്ന സാഹചര്യത്തിലാണ് നിലവിലെ ഏജന്റുമാരിൽ നിന്നും താൽക്കാലികമായി കുറവ് വരുത്തി ശ്രീ.ശശികുമാറിന് ടിക്കറ്റ് അനുവദിച്ച് നൽകിയത്. അത് ജില്ലാ ഭാഗ്യക്കുറി ഓഫീസറുടെ അധികാര പരിധിയിൽ വരുന്നതാണ്.
ii. ഓരോ ഭാഗ്യക്കുറിയുടെയും ടിക്കറ്റ് വിൽപ്പന അവസാനിക്കുന്നതിന്റെ **48** മണിക്കൂറിനുള്ളിൽ ടിക്കറ്റ് **unsold** വരാൻ സാധ്യതയുള്ള പക്ഷം **unsold** ഒഴിവാക്കി സർക്കാരിന്റെ സാമ്പത്തിക നഷ്ടം ഒഴിവാക്കാൻ വേണ്ടിയാണ് ശ്രീ.ശശികുമാറിന് ആവശ്യ പ്രകാരം ടിക്കറ്റ് താൽക്കാലികമായി നൽകിയത്.
iii. **11.02.2020** ലെ **SLTY/360/2020-S1** നമ്പർ സർക്കുലർ ഖണ്ഡിക **3** പ്രകാരം **30** ദിവസത്തിൽ കൂടുതൽ **350** ടിക്കറ്റുകൾ വാങ്ങിയ ശ്രീ.ശശികുമാറിന് ടിയാന്റെ അപേക്ഷ പ്രകാരമാണ് **1600** മുതൽ **2450** ടിക്കറ്റുകൾ അനുവദിച്ച് നൽകിയത്.
iv. സൂപ്പർവൈസറി ഉദ്യോഗസ്ഥരായ **JS/ADLO** എന്നിവരുടെ അഭാവത്തിലാണ് ക്വാട്ട സെറ്റ് ചെയ്ത് ടിക്കറ്റ് അനുവദിച്ചത്.
v. തന്റെ പ്രവർത്തികൾ മൂലം സർക്കാരിന് യാതൊരു തരത്തിലുള്ള ധനനഷ്ടവും ഉണ്ടായിട്ടില്ല; നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും അനുസരിച്ചാണ് ജോലി ചെയ്യുന്നത്.

**9.** ശ്രീ.പി.സജുകുമാറിനെയും അന്വേഷ്ണ ഉദ്യോഗസ്ഥരെയും നേരിൽ കേട്ടതിന്റെ അടിസ്ഥാനത്തിൽ ഹിയറിംഗ് ഓഫീസർ ചുവടെപ്പറയുന്ന കണ്ടെത്തലുകൾ നടത്തിയിരുന്നു;

i. ശ്രീ.പി.സജികുമാർ, സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ അനുവാദമോ നിർദ്ദേശമോ ഇല്ലാതെ ഏജന്റുമാരുടെ ക്വാട്ട പ്രകാരമുള്ള ടിക്കറ്റിൽ കുറവ് വരുത്തി ടിക്കറ്റ് വിതരണത്തിന് ആധികാരികമായി നിലവിലുള്ള **11.02.2020** ലെ **SLTY/360/2020-S1** സർക്കുലറിന് വിരുദ്ധമായി പ്രവർത്തിച്ചു.
ii. **11.02.2020** ലെ **SLTY/360/2020-S1** സർക്കുലറിന്റെ ഖണ്ഡിക **(9)** നിർദ്ദേശത്തിന് വിരുദ്ധമായി താമരശ്ശേരി സബ് ഓഫീസിൽ നിന്നും ടിക്കറ്റ് അനുവദിച്ചിരുന്ന ശ്രീ.ശശികുമാറിന് കോഴിക്കോട് ജില്ലാ ഓഫീസിൽ നിന്നും ടിക്കറ്റുകൾ അനുവദിച്ചു.
iii. **11.02.2020** ലെ **SLTY/360/2020-S1** സർക്കുലറിന്റെ ഖണ്ഡിക **(3)** ലെ നിർദ്ദേശത്തിന് വിരുദ്ധമായി പുതുതായി ഏജൻസി അനുവദിച്ച ആദ്യഘട്ടത്തിൽ തന്നെ **1600** ടിക്കറ്റും തുടർന്ന് **2400** ടിക്കറ്റും അനുവദിച്ച് നൽകിയിട്ടുണ്ട്.

iv. ശ്രീ.ശശികുമാർ (D7568) എന്ന ഏജന്റിന്റെ ഇൻവോയിസുകൾ മാത്രം ജില്ലാ ഭാഗ്യക്കുറി ഓഫീസർ ശ്രീ.സജുകുമാർ LOTIS ൽ എൻട്രി ചെയ്ത് ടിക്കറ്റ് നൽകിയിട്ടുള്ളതായി മനസ്സിലാക്കുന്നു.
v. LOTIS സോഫ്റ്റ്വെയറിലെ രേഖകൾ പ്രകാരം വൻകിട ഏജന്റുമാരിൽ നിന്നും കുറവ് വരുത്തിയ ടിക്കറ്റ് ശ്രീ.ശശികുമാറിന് (D7568) മാത്രം അനുവദിച്ച് നൽകിയതായി അറിയുന്നു.
vi. താമരശ്ശേരി ഭാഗ്യക്കുറി സബ് ഓഫീസിൽ നിന്നും 100 ൽ താഴെ ടിക്കറ്റ് അനുവദിച്ചിരുന്ന ശ്രീ.ശശികുമാറിന് 03/11/2022 ന് 600 ടിക്കറ്റും, 04/11/2022 ന് 900 ടിക്കറ്റും, 05/11/2022 ന് 2500 ടിക്കറ്റും, 07/11/2022 ന് 2700 ടിക്കറ്റും അനുവദിച്ച് നൽകിയിരിക്കുന്നു.

10. ഇത്തരത്തിലുള്ള വീഴ്ചകൾ ജില്ലാ ഭാഗ്യക്കുറി ഓഫീസർ ശ്രീ.പി.സജുകുമാറിന്റെ ഭാഗത്തുനിന്നുണ്ടായിട്ടുണ്ടെന്ന ഹിയറിംഗ് ഓഫീസറുടെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ, KCS(CCA) Rules ചട്ടം 11 (vA) പ്രകാരം, ശ്രീ.പി.സജുകുമാറിന്റെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫലത്തോടെ തടയാൻ താല്ക്കാലിക തീരുമാനമെടുക്കുകയും ടിയാന് പരാമർശം (9) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നല്കുകയും ചെയ്തിരുന്നു.

11. കാരണം കാണിക്കൽ നോട്ടീസിന് ശ്രീ.പി.സജുകുമാർ പരാമർശം (10) പ്രകാരം മറുപടി ലഭ്യമാക്കി. ടിക്കറ്റ് വില്പന നടക്കാതിരുന്നാൽ സർക്കാരിനുണ്ടാകുന്ന സാമ്പത്തിക നഷ്ടം ഒഴിവാക്കാനാണ് തന്റെ ഉത്തമ വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ ചെറുകിട ഏജന്റിന് ടിക്കറ്റ് അനുവദിച്ചതെന്നും ഇതുവഴി സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ലെന്നും ടിയാൻ തന്റെ മറുപടിയിൽ വ്യക്തമാക്കിയി. ടിക്കറ്റ് ലഭിക്കുന്നില്ലെന്നാരോപിച്ച് ഏജന്റുമാരിൽനിന്ന് പരാതികളൊന്നും ലഭിച്ചിട്ടില്ലെന്നും തന്റെ മേൽ ആരോപിക്കപ്പെട്ട കുറ്റത്തിന് ആനുപാതികമല്ല തനിക്കെതിരെ ചുമത്തിയിട്ടുള്ള ശിക്ഷയെന്നും ഇത് തന്റെ ഡി.സി.ആർ.ജി. ഉൾപ്പെടെയുള്ള എല്ലാ ഭാവി ആനുകൂല്യങ്ങളെയും ബാധിക്കുമെന്നും അതിനാൽ തന്റെ ഭാഗത്തുനിന്നുണ്ടായിട്ടുള്ളത് നടപടിക്രമത്തിലെ ലഘു വീഴ്ച മാത്രമാണെന്നത് കണക്കിലെടുത്ത് തനിക്കെതിരെയുള്ള ശിക്ഷണ നടപടി സെൻഷ്വർ ആയി കുറയ്ക്കണമെന്നും ശ്രീ. പി. സജുകുമാർ അഭ്യർത്ഥിച്ചിരുന്നു.

12. ഭാഗ്യക്കുറി ടിക്കറ്റ് വിതരണത്തിനായി സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ പുറപ്പെടുവിച്ചിട്ടുള്ള സർക്കുലർ വ്യവസ്ഥകൾക്ക് വിരുദ്ധമായി ഒരു ഏജന്റിന് മാത്രമായി ടിക്കറ്റ് അധികമായി വിതരണം ചെയ്തു, ഇതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ കോഴിക്കോട് ജില്ലാ ഭാഗ്യക്കുറി ഓഫീസറായിരുന്ന ശ്രീ.പി.സജുകുമാർ നേരിട്ട് നടത്തിക്കൊടുത്തു എന്നിവയാണ് ടിയാനെതിരെ ആരോപിച്ചിരുന്ന കുറ്റങ്ങൾ. ടിയാന്റെ ഭാഗത്തുനിന്നുണ്ടായിട്ടുള്ള ഈ വീഴ്ചകൾ അച്ചടക്ക നടപടിയുടെ വിവിധ ഘട്ടങ്ങളിലായി ടിയാൻതന്നെ സമ്മതിച്ചിട്ടുണ്ട്. എങ്കിലും ടിയാന്റെ ഈ നടപടികൊണ്ട് സർക്കാരിന് എന്തെങ്കിലും സാമ്പത്തിക നഷ്ടമോ ടിയാന് എന്തെങ്കിലും സാമ്പത്തിക

ലാഭമോ ഉണ്ടായിട്ടില്ല. മാത്രമല്ല ടിയാൻ ഈ പ്രവൃത്തിയിൽ അഴിമതിയോ അധികാര ദുർവ്വിനിയോഗമോ ലക്ഷ്യമിട്ടിരുന്നു എന്ന തരത്തിലുള്ള റിപ്പോർട്ടുകളോ തെളിവുകളോ ലഭ്യമായിട്ടുമില്ല. അന്വേഷണത്തിനാധാരമായ പരാതിയല്ലാതെ ടിക്കറ്റു ലഭിക്കുന്നില്ല എന്നാരോപിച്ച് മറ്റു തരത്തിലുള്ള പരാതികളൊന്നും ലഭിച്ചിട്ടുമില്ല.

13. മേൽ വിവരിച്ച വസ്തുതകളുടെയും കണ്ടെത്തലുകളുടെയും അടിസ്ഥാനത്തിൽ, സംസ്ഥാന ഭാഗ്യക്കുറി വകുപ്പിലെ ജില്ലാ ഭാഗ്യക്കുറി ഓഫീസർ ശ്രീ.പി.സജുകുമാറിനെതിരെ ആരംഭിച്ച അച്ചടക്ക നടപടി, കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ-1960 ലെ ചട്ടം 11, 1(iii) പ്രകാരം, ടിയാന്റെ 2 വാർഷിക വേതന വർദ്ധനവുകൾ സഞ്ചിത ഫലത്തോടെയല്ലാതെ 2 വർഷത്തേയ്ക്ക് തടഞ്ഞുകൊണ്ട്, തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**MANOJ K**
ജോയിന്റ് സെക്രട്ടറി

1. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ, തിരുവനന്തപുരം
2. ബന്ധപ്പെട്ട ഉദ്യോഗസ്ഥന് (സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ മുഖാന്തരം)
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (ഇ&ആർഎസ്എ/ജി&എസ്എസ്എ) കേരള, തിരുവനന്തപുരം
5. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
6. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (TAXES-H1/2/2023-TAXES)

ഉത്തരവിൻ പ്രകാരം
Signed by
Babu G
Date: 16-03-2024 09:25:34
സെക്ഷൻ ഓഫീസർ